"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പി.എം.ജി.എസ്.വൈ. പ്രവൃത്തികളുടെ മെയിന്റനൻസ് തുക ഓൺലൈൻ പോർട്ടൽ ആയ ഇ-മാർഗ്ഗിലൂടെ അനുവദിക്കുന്നതിലുള്ള സാങ്കേതിക തടസ്സം പരിഗണിച്ച് മെയിന്റനൻസ് തുക മാനുവൽ ആയി കരാറുകാർക്ക് നൽകുന്നതിനുള്ള താത്കാലിക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.2206/2025/LSGD തീയതി,തിരുവനന്തപുരം, 15-09-2025

---

പരാമർശം:- കെ.എസ്.ആർ.ആർ.ഡി.എ. ചീഫ് എൻജിനീയറുടെ 18.03.2025, 06.06.205 തീയതികളിലെ കെ.എസ്.ആർ.ആർ.ഡി.എ./65/2025-സി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

നിർമ്മാണം പൂർത്തിയാക്കി അഞ്ചു വർഷ മെയിന്റനൻസ് പീരിഡിലുള്ള പി.എം.ജി.എസ്.വൈ പ്രവൃത്തികളുടെ മെയിന്റനൻസ് തുക ഓൺലൈൻ പോർട്ടൽ ആയ ഇ-മാർഗ്ഗിലൂടെ അനുവദിക്കുന്നതിൽ സാങ്കേതിക തടസ്സം വരുന്നതുമായി ബന്ധപ്പെട്ട് പരാതികൾ ലഭിക്കുന്നുണ്ടെന്നും തുക അനുവദിക്കാതെ കരാറുകാർ മെയിന്റനൻസ് പ്രവൃത്തികൾ ചെയ്യാത്ത സാഹചര്യവും നിലവിലുണ്ടെന്നും കെ.എസ്.ആർ.ആർ.ഡി.എ ചീഫ് എൻജിനീയർ പരാമർശം കത്ത് പ്രകാരം അറിയിക്കുകയുണ്ടായി. കൂടാതെ റോഡുകളുടെ മെയിന്റനൻസ് സമയ ബന്ധിതമായി ചെയ്യാത്തതിനാൽ റോഡുകൾ പൊളിഞ്ഞുപോകാനുള്ള സാധ്യതയുള്ളതിനാൽ ഇക്കാര്യം പരിഹരിക്കാൻ എൻ.ആർ.ഐ.ഡി.എ.ക്ക് കത്ത് നൽകിയെങ്കിലും അനുകൂലമായ മറുപടി ലഭിച്ചിട്ടില്ലാത്തതിനാൽ 21.01.2025 ന് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അജണ്ട (10) ആയി വിഷയം പരിഗണിക്കുകയും ആയത് തത്വത്തിൽ അംഗീകരിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ മെയിന്റനൻസിന് ആവശ്യമായ തുക നിലവിൽ മെയിന്റനൻസ് അക്കൗണ്ടിൽ ഉണ്ട് എങ്കിലും ഈ തുക ഇ-മാർഗ്ഗ് സോഫ്റ്റ് വെയർ വഴി കരാറുകാർക്ക് അനുവദിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഇത്തരത്തിലുള്ള പ്രവൃത്തികളുടെ ബിൽ തുക മാനുവൽ ആയി കരാറുകാർക്ക് നൽകുന്നതിനുള്ള അനുമതി നൽകണമെന്ന് ചീഫ് എൻജിനീയർ അഭ്യർത്ഥിക്കുകയുണ്ടായി .

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേന്ദ്ര മാനദണ്ഡങ്ങൾ പ്രകാരം പ്രോജക്ട് കോസ്റ്റിന്റെ രണ്ടാം ഗഡു കേന്ദ്രം അനുവദിക്കണമെങ്കിൽ

സംസ്ഥാനം വഹിക്കേണ്ട മെയിൻറനൻസ് തുക അതിനകം വിനിയോഗിച്ചിരിക്കണം. മെയിൻറനൻസ് ഫണ്ടുൾപ്പെടെ പ്രോജക്ട് കോസ്റ്റിന്റെ ഫണ്ട് ഓൺലൈൻ വഴിയാണു നൽകേണ്ടത് എന്നും വ്യവസ്ഥയുണ്ട്. ഈ സാഹചര്യത്തിൽ, കേന്ദ്ര മാനദണ്ഡങ്ങളും സമയബന്ധിതമായി മെയിൻറനൻസ് പൂർത്തികരിക്കേണ്ടതിന്റെ ആവശ്യകതയും കണക്കിലെടുത്ത്, മാനുവൽ പേയ്മെന്റ് നൽകുന്ന പക്ഷം അതിനു കേന്ദ്ര സർക്കാരിന്റെ അനുമതി സമയബന്ധിതമായി നേടിയെടുക്കുന്നതിനും അതോടൊപ്പം പ്രസ്തുത തീരുമാനം പ്രോജക്ട് ഫണ്ട് റിലിസിനെയോ വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പണത്തേയൊ ബാധിക്കുന്നില്ലെന്നും കെ.എസ്.ആർ.ആർ.ഡി.എ. ചീഫ് എൻജിനീയർ ഉറപ്പാക്കേണ്ടതാണെന്ന വ്യവസ്ഥയിൽ, പി.എം.ജി.എസ്.വൈ. പ്രവൃത്തികളുടെ മെയിൻറനൻസ് തുക മേൽ പ്രസ്താവിച്ച അടിയന്തര സാഹചര്യത്തിൽ മാനുവൽ ആയി കരാറുകാർക്ക് നൽകുന്നതിനുള്ള താത്കാലിക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു..

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

ചീഫ് എഞ്ചിനീയർ,കെ.എസ്.ആർ.ആർ.ഡി.എ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
ധനകാര്യ വകുപ്പ് ( 23.08.2025 ലെ 3105281/DEV-3/83/2025-Fin പ്രകാരം)
വെബ് ആൻഡ് ന്യൂ മീഡിയ, ഐ ആൻഡ് പി.ആർ.ഡി.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Nisam N
Date: 25-09-2025 15:50:58
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. മുഖ്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി